കഥ

# അന്വേഷണം

ജോൺ ഇളമത

അങ്ങനെ ഒരു തീരുമാനം എന്നെ അമ്പരപ്പിച്ചു.മുപ്പത്തിയാറ് വയസ്സായപ്പോൾ എൻെറ മകൻെറ തീരുമാനം.ഇന്ത്യയിൽ പോകുക.അവിടെ കേരളമെന്നൊരു നാടുണ്ട്.കേരവൃക്ഷങ്ങൾ തിങ്ങി ,നെൽപ്പാടങ്ങൾ കാറ്റിൽ തലയാട്ടി നിൽക്കുന്ന നാട്.കായലും,നദിയും കളകളം പാടി യൊഴുകുന്ന നാട്.അതാണെൻെറ നാട്.'കുട്ടനാട്'!,വാഴയും,കപ്പയും,ചേനയും,കാച്ചിക്കായുംവിളയുന്ന നാട്.അവിടെ അപ്പനപ്പൂപ്പന്മാർ,കോണാനുടുത്ത്,കച്ചതോർത്ത് അരയിൽ ചുറ്റി ചക്രംചവിട്ടിയും,കാക്ക കളെയും,മുണ്ടികളെയും ആട്ടിപ്പായിച്ച് നെൽക്കൃഷി ചെയ്ത് പത്തായവും,അറയും നിറയെ നെല്ലുകൂട്ട ിയിട്ട് പുഴുങ്ങിക്കുത്തി കുത്തരിയുടെ ചോറുണ്ട രാജ്യം.ആറ്റിലും തോട്ടിലും വലയിട്ടും,ഒറ്റാലുകൊണ്ട് ഒറ്റിപ്പിടിച്ചും വാളയും,കൂരിയും,കൊഞ്ചും കഴിച്ച നാട്.

അങ്ങനെ ഒരു ദേശത്തെപ്പറ്റി ഈ അടുത്തകാലംവരെ എൻെറ മകനു പുശ്ഛമായിരുന്നു.ബ്രിട്ടീഷുകാര് അടിമകളാക്കി വെച്ചിരുന്ന കറുത്ത ദ്രാവിഡരുടെ നാട്.കാർക്കിച്ചു വഴിയിൽ തുപ്പുന്നവരുടെ നാട്.വഴീ മുള്ളുന്നവരടെ നാട്.സദാ പൊറിവിട്ട് നടക്കുന്നവരും,കരിമ്പിങ്കാട്ടിലും,പരുത്തിക്കാട്ടിലും തൂറുന്നോർ.ബലാൽസംഘവീരന്മാർ.ഒരു പെണ്ണിനെ കണ്ടാ അന്തംവിട്ട് നിൽക്കുന്നോർ,എന്നുവേണ്ട സർവ്വവിധ സാമൂഹ്യവിരുദ്ധരുടേയും നാട്.

എന്താണിങ്ങനെ ഒരു മനംമാറ്റം എന്നാലോചിച്ച് ചോദിച്ചപ്പോഴവൻെറ മറുപടി:-

ങും! ഡാഡ് നാട്ടിപോയിട്ടെത്ര കാലായി.ഞാനവിടെ അഞ്ചാംക്ലാസു വരെ പഠിച്ചേച്ചല്ലേ ഇങ്ങോട്ടു വന്നെ.എന്നാലിപ്പോ പണ്ടത്തെ സ്തിതി മാറി.പരിഷ്ക്കാരം വന്നു. ടീവി,കപ്യൂട്ടർ,എല്ലാ ടെക്നോളജീം വളർന്ന് അമേരിക്കേകാളും മുമ്പിലാ.പെമ്പിള്ളേരൊക്കെ ഫോർവേഡാ.നാണം കൊണ്ട് നഖം കടിച്ച് പെരുവെരൽ കൊണ്ട് കളമെഴുതുന്ന കാലൊക്കെ പോയി.നല്ല സെക്സിയായ പെമ്പിള്ളേരാ ചാനലു മുഴുവൻ.ഈയിടെ ഒരു ഡോക്ക്മൻററി കണ്ടു. 'ദൈവത്തിൻെറ നാട്'!

എത്ര മനോഹരം.കായൽപ്പരപ്പിലൂടെ ഓളങ്ങളെ മുറിച്ച് പക്ഷികളേപ്പോലെ പറക്കുന്ന ഹൗസ്ബോട്ടുകൾ.തീരത്തേക്ക് ചാഞ്ഞുനിൽക്കുന്ന ചീനവലകൾ,ചുറ്റിലും 'കള്ള്' എന്നനാടൻ ബിയർ ചുരത്തുന്ന തൈത്തെങ്ങുകൾ.ഓടിവള്ളങ്ങളിൽ ചെത്തിഇറങ്ങുന്ന കള്ളിൻകുടങ്ങൾ ചെന്നവസ്സാനിക്കുന്ന തെങ്ങോലമേഞ്ഞ ഷാപ്പുകൾ.ഷാപ്പുകളിലെ എരിവുംപുളിയുമുള്ള കറികൾ. അവിടെ അട്ടഹാസവും,പൊട്ടിച്ചിരിയും,പൂരപ്പാട്ടും.ഇതൊക്കെ കണ്ടപ്പം ഡാഡിൻെറ ജന്മനാടിൻെറ മേന്മ,എൻെറ മനസ്സിൽ നൊസ്റ്റാൾജിയ ഉണർത്തി.പിന്നെ മറ്റൊന്ന് അവിടത്തെ യുവതി കള്, സുന്ദരികള്,കണ്ണെഴുതി പൊട്ടുതൊട്ട് പൗഡറുപൂശി കരിവളകിലുക്കി നടക്കുന്ന ടീനേജുകൾ മുതൽ സീരിയലുകണ്ട് അണിഞ്ഞൊരുങ്ങി നടക്കുന്ന സുന്ദരിമാര് വരെ.അവരുടെ ചിരിയും വർത്തമാനവും ഏതു യുവാവിനും ഹരമേകും.ഓ,നമ്മടെ നാട്ടി കാനഡയി സുന്ദരിമാരൊണ്ടോ! വാഴപിണ്ടീടെ നെറമുള്ള തടിച്ചികള്,അല്ലേ മലർന്ന ചിറി ഒള്ള കാപ്പിരികള്,അതുമല്ലേ പകുതി കണ്ണടച്ചുറങ്ങി തൂങ്ങിയപോലെ കണ്ണുള്ള ചൈനാക്കാരും,കൊറിയാക്കാരും.എന്തോന്നു സൗന്ദര്യം ,അടിമുടി ഒരുപോലെ,ഒരുതരം കല്ലൊരലുപോലെ.അതൊക്കെ നോക്കിയാ എത്ര ഷേപ്പോള്ളോരാ നമ്മടെ പെങ്കൊച്ചുങ്ങള്!

ഈശ്വരാ,രക്ഷപ്പെട്ടു.എൻെറ കൊച്ചനീ പൂതോദയം പണ്ടേ ഒണ്ടാരുന്നെ എനിക്കിപ്പം എത്ര കൊച്ചുമക്കളു കണ്ടേനെ.ആകെ ഒന്നേഒള്ളൂ,ഒരു മകൻ!,പൊന്നുംപൊടി പോലെ.എന്നിട്ട ീപ്രായത്തിനെടേ എത്ര വേണ്ടാതീനം കാണിച്ചു നടന്നു.ആദ്യം ഒരു വെളുമ്പിയെ പ്രേമിച്ചു,പിന്നൊരു കറമ്പിയെ, ഒടുവി കണ്ണടഞ്ഞിരിക്കുന്ന ഒരു കൊറിയാക്കാരിയേം.ങും.!മലയാളി പെമ്പിള്ളേരവിടില്ലാഞ്ഞിട്ടാണോ,അല്ല ഏതിനെ കാണിച്ചാലും പറേം,അതുവേണ്ട ഞങ്ങളുകൂട്ടുകാരാ ,അല്ലേ പറേം ഓ,അവളെ ഇന്നാള് നൈറ്റ്ക്ലബികണ്ടു,മറ്റൊരു പെണ്ണിൻെറ കൂടെ,ലസ്ബിയനാ!

ഹൊ,ഹൊ,എന്തായാലും ഇങ്ങനെ ഒരു സൽബുദ്ധി തോന്നീല്ലോ.ഞാം നാട്ടിപോയിട്ട് കൊല്ലം അഞ്ചാകുന്നു.സഹികെട്ട് പോക്ക് നിർത്തിയതാ.എപ്പ നാട്ടിപോയാലും പേരപ്പമാരടെ

ചോദ്യമതാ:-

എടാ കുഞ്ഞിപെലി! നിൻെറ മോൻ കെട്ടിയോ,അവനിപ്പോ എത്ര വയസ്സായി. എൻെറ ഭാര്യ ത്രേസ്യമ്മേടെ വകേലൊരു നാത്തൂൻെറ മോളൊണ്ട്,ഒന്നാലോചിക്കട്ടെ!

എൻെറ മോനോട് ചോദിച്ചപ്പം അവമ്പറഞ്ഞു:-

വേണ്ട ഡാഡ്! അതുങ്ങളെ ഒന്നും പറ്റുകേലാ,മൂടിപൊതച്ച് നഖോം കടിച്ചു നടക്കുന്നതിനെ ഒക്കെ.പരിഷ്ക്കാരമില്ലാത്ത ജാതികള്!

എന്തിനേറെ പറയട്ടെ,ഞാനും മോനും കൂടെ പ്ലയിൻകേറി,നാട്ടിലേക്ക്.ഒരു ഭാഗ്യക്കുറി ,ഒത്താലൊക്കട്ടെ.കൊച്ചീചെന്നറങ്ങി നേരെ ചെക്കിടിക്കാട്ടെത്തത്തി ഒരു കല്ല്യാണബ്രേക്കറെ കാണാൻ.അതാന്നല്ലോ നാട്ടുനടപ്പ്.എന്തിനാ ചെക്കിടിക്കാട്ട് എൻെറ നാട്ടി പോയേന്നറിയാമോ!കൊച്ചീലും,കോഴിക്കോട്ടും,കൊല്ലത്തും പെണ്ണില്ലാഞ്ഞിട്ടല്ല.അതെൻെറ സൂത്രം!അവിടെ പട്ടണങ്ങളിലെ പെമ്പിള്ളേര് തൻേറടികളാ,അമേരിക്കേലെ പെമ്പിള്ളേരെ കടത്തി വെട്ടുന്നോര്.അതാ എൻെറ മുന്നനുഭവം.പണ്ട് ഞാനെവനുതന്നെ അവൻെറ അനുവാദം കൂടാതെ പെണ്ണന്വേഷിച്ചതാ.ഒരോ അവളുമാരടെ ഡിമാൻറു കേക്കണം.അതോണ്ടാ.

ചെക്കിടിക്കട്ടെറങ്ങി കടത്തുവള്ളം കേറി ബ്രോക്കർ ലാസറിനെ കാണാമ്പോയവഴിക്ക ,വള്ളത്തേക്കേറാംവന്ന ഒരു സുന്ദരി പെങ്കൊച്ചിനെ അവൻ കണ്ടു.ഒരു കോളേജുകുമാരിയെ അല്ലേൽ ഏതേലും ആഫീസി ജോലിക്കു പോണ യുവതിയെ.ആ പെണ്ണിനെ അവൻ തുറിച്ചു നോക്കീട്ടു ഇംഗ്ലീഷി ചോദിക്കുവാ:-

ഡാഡ് എങ്ങനൊണ്ടീ പെങ്കൊച്ച്,സെക്സിയാ അല്ലേ!ഇതുപോലൊരണ്ണത്തിനെ മതി.അപ്പനോട് ചോദിക്കാൻ പറ്റിയ ചോദ്യം അല്ലേ!എൻെറ ചെറുപ്പത്തി എൻെറ അപ്പനോട് ഇങ്ങനെ ചോദിച്ചാ എന്താ ഉത്തരം കിട്ടുക,.....തന്തക്കു പിറക്കാത്ത കഴുവേറി....എന്നായിരിക്കില്ലേ!എന്തായാലും ഇംഗ്ലീഷു മനസ്സിലാകുന്ന പെങ്കൊച്ചിതു കേട്ട് കിലുക്കാംപെട്ടി പേലെ കളിയാക്കി ചിരിക്കുന്നതു കേട്ടു

ലാസറിനെ കണ്ടു.ലാസറിന് വലിയ സന്തോഷം,കൊന്ത്രേപ്പല്ലുകൾ മുഴുവൻ പുറത്തിറക്കി അയാളതു പ്രകടിപ്പിച്ചു.ഏതു വേണം സാറിന്? തരാതരം ഞാന്തരാം.മാട്രിമോണി കമ്പിനി എല്ലാം ചീറ്റിംങാ!

ഒരു നാടൻ ഗ്രാമിണ സൗന്ദര്യം!അടക്കമൊതുക്കമുള്ള തനി കുട്ടൻനാട് മതി.അല്പ്പം വേർപ്പ് മണമൊണ്ടേലും അതാ നല്ലത്.പട്ടണത്തിലേതൊക്കെ ആഴ്ച്ചേലൊരിക്ക കുളിച്ചേച്ച് പാരീസ് ഫെർഫ്യൂം ഇട്ടതുങ്ങളാ.

ങാ,അതാ ഞാനും പറേന്നെ.പറ്റിയ കേസൊണ്ട്.വഴി അലപ്പം ദുർഘടമാ.ആരും ചെന്നുപറ്റാനല ്പ്പം വിഷമമായതിനാലാ അധികം പേരങ്ങോട്ട് ചെല്ലാത്തെ.ങാ,അല്ലേലും സൗന്ദര്യോള്ള താമര ചേറ്റിലല്ലേ വളരൂ.ലാസർ വീണ്ടും ക്രോന്ത്രേപ്പല്ലു പുറത്തിറക്കി വികൃതച്ചിരി ചിരിച്ചു.

അതൊന്നും സാരോല്ല,പെണ്ണ് നന്നായിരിക്കണം,കണ്ടാചേലുവേണം,സ്വഭാവോം നന്നായിരിക്കണം.

ലാസറ് കവലേന്നൊരു ടാക്സി പിടിച്ച് എന്നേം മകനേം കേറ്റി ഡ്രൈവറോട് കല്പ്പിച്ചു:-

വിട്ടോടോ ഇവിടുന്നു തകഴി വഴി മിത്രക്കരി കഴിഞ്ഞ് ഊരംങ്കരി അവടെ പാടത്തിൻെറ മൊനമ്പിലെ കുരിശടീ വണ്ടി നിർത്തിയാ മതി,എന്നിട്ട് താനവടെ വെയിറ്റ് ചെയ്തോ.അവിടന്ന് പാടത്തിനരികത്തെ തോട്ടുങ്കരേകൂടെ ഒന്നൊന്നര മൈലു നടക്കണം.അതിലേ വണ്ടിപോയിട്ട് കാളവണ്ടി പോലും ചെല്ലില്ല.ഒറ്റയടിപാതയാ ഒരാക്കു നടക്കാമ്പരുവത്തിൽ.

ഡ്രൈവറോട് കല്പ്പിച്ചതിനുശേഷമുള്ള ഭാഗം ലാസർ,ഞാം കേക്കാമ്പറഞ്ഞതാണ് എന്നെനിക്കു മനസ്സിലായി.

ങാ,എന്തായാലും വഴി എങ്ങനേം കെടക്കട്ടെ,ചേറ്റിലെ താമരക്ക് നെറോം ഗുണോം ഒണ്ടങ്കി.

വണ്ടി ഓടി.പാടത്തിൻെറ മദ്ധ്യത്തിലെ കുത്തിക്കുഴിഞ്ഞ റോഡിലൂടെ.കൊയ്ത്തു കഴിഞ്ഞ പാടത്ത് താറാവുകളുടെ പട.അവയുടെ ചെവിതുളക്കുന്ന വൃത്തികെട്ട ശബ്ദം.അവയെ മേയിക്കുന്ന താറാവുകാരുടെ അസ്ലീല ആക്രോശങ്ങൾ.ഇടക്കിടെ മുണ്ടികൾ പറക്കുന്നു.കലക്ക വെള്ളത്തിലെ തറാവുകളുടെ കാഷ്ടത്തിൻെറ നാറ്റം കാറ്റിൽ ചുറ്റിയടിക്കുന്നു.

എന്തോ ചീഞ്ഞമണം! മകൻ പറഞ്ഞു.

മേനെ ഇത് കുട്ടനാടാ!,തോട്ടിലെ ആഫ്രിക്കൻ പായല് കരേവാരീട്ട് ചീഞ്ഞേൻെറ നാറ്റമാ.ഞാനാ

നാറ്റത്തിൻെറ പൊരുൾ മകനിലേക്കെത്തിച്ചു.

വണ്ടി കുരശടീ നിന്നു. പാടത്തിൻെറ ഓരത്തെ തോട്ടുവക്കികൂടെ ലാസർ മുമ്പേ പിന്നാലെ ഞാനും,മോനും.കൈതക്കാടിനിയിലൂടെ.മുള്ളുകൊണ്ടാലും വേണ്ടില്ല ഒരു സുന്ദരിപെണ്ണിനെ എൻെറ മോന് തരപ്പെടണേ എന്ന് സർവ്വ പുണ്യാളൻമാരോടും പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നടന്നു. അതിനിടെ എൻെറ മോനൊരു ചോദ്യം:-

ഡാഡ് ഇവിടെ ഡിസ്കോ ഒണ്ടോ?

എന്തിനാ?

നല്ല പെമ്പിള്ളേരെ കണ്ടുമുട്ടിയാ ഡേറ്റിങിന് ഒരു നൈറ്റിങിനു പോകാനാ!

ആദ്യം നീ കാണ്,എന്നിട്ട് ആട്ടെ ബാക്കി തീരുമാനം.

നല്ലകാര്യം!ഡിസ്ക്കോ, ഈ കുഗ്രാമത്തിൽ!സന്ധ്യക്ക് ഏഴുമണിക്ക് കുരുശുവര ,അത്താഴം,ഒമ്പതിന് മുമ്പ് കിടപ്പ്,പിന്നെ ഗ്രാമം ഒറങ്ങി.ഡിസ്കോയി നൈറ്റിൽ കൂട്ടികൊണ്ടുപോയി ഡേറ്റിങ് നടന്നതാ,അവടപ്പനോട് അങ്ങനൊന്നാവശ്യപ്പെട്ടാ,അടി പാഴ്സലാ!

നടന്നുനടന്ന് ഒരുവിധം ഡെസ്റ്റിനേഷനിൽ എത്തി.ലാസർ പറഞ്ഞു:-

ഇതാ വീട്!

പാടത്തിൻെറ മദ്ധ്യത്തിലെ ദ്വീപിൽ,തെങ്ങുകൾ,മാവുകൾ,പ്ലാവുകൾ, മറ്റു ഫലവൃക്ഷങ്ങൾ,ആത്ത,ചാമ്പ,പേര എന്നിവക്കു നടുവിൽ അതിപുരാതനായ അറയും ,പത്താഴവുമുള്ള ഒരു വലിയവീട്.അല്പ്പം അകലെ പശുതൊഴുത്ത്,ആട്ടുകൂട്,കോഴിക്കൂട്,കക്കൂസ ,കുളിപ്പുര,അവിടെ കച്ചിയുടെയും,പുന്നെല്ലിൻെറയും,മൂത്രത്തിൻെറയും,ചാണകത്തിൻെറയും,ആട്ടുങ്കാട്ട ത്തിൻറയും,കോഴികാഷ്ടത്തിൻെറയും നാറ്റം!

പൂമുഖത്തിൻെറ മുറ്റത്തേക്ക് പ്രവേശിച്ചപ്പോൾ,മുറ്റത്തരുകിലെ തൈമാവിൽ തുടലിട്ടപൂട്ടിയ പൂടപൊഴിഞ്ഞ വയസ്സൻ പട്ടി ഒന്നെണീറ്റു നിന്നൊന്നു മുരണ്ടു,എന്നിട്ട് ശക്തിയില്ലാത്ത രണ്ടുകുര ,തീന്നു.വീണ്ടും ചടഞ്ഞുകൂടി കിടന്നു,ഡ്യൂട്ടിതീർന്നമട്ടിൽ.പൂമുഖത്തേക്ക് പ്രവേശിച്ചപ്പോൾ അവിടെ ഇട്ട ിരുന്ന വലിയവട്ടമേശയുടെ പുറത്ത് വെച്ചിരുന്ന ചെറുകൂടയിൽ ഒരു പിടക്കോഴി മുട്ടഇട്ട് ഉയർന്നു കീർത്തനം പാടി.അറയിലും,നിരയിലും,പല്ലി,പാറ്റ,ചിലന്തി തുടങ്ങിയ കുടുബപെറ്റുകൾ സൈര്യവിഹാരം ചെയ്യുന്നതു കൗതുകത്തേടെ നോക്കി ഞാനോർത്തു:-

എന്തായാലും വേണ്ടില്ല,പെണ്ണ് ജോറായിരുന്നാ മതി.

ബ്രോക്കർ അകത്തേക്ക് നോക്കി അല്പ്പം ഉറക്കെ വിളിച്ചു:-

തൊമ്മിക്കുഞ്ഞേ!

തൊമ്മിക്കുഞ്ഞ് ഇറങ്ങി വന്നു.ശുദ്ധകൃഷീവലൻ,കച്ചതോർത്തും രോമാവൃതമായ നഗ്നമാറിടവും കാട്ട ി.അയൾക്ക് വേർപ്പിൻെറയും പുന്നെല്ലിൻറയും മണം.ബ്രോക്കർ അയാളെ മാറ്റി ചെവിയിൽ എന്തൊക്ക യോ കുശുകുശുത്തു.

ബ്രോക്കർ ഞങ്ങളോടായി പറഞ്ഞു:-

തൊമ്മിക്കുഞ്ഞിന് ഒമ്പതാമക്കൾ!ആറുപെണ്ണും,മൂന്നാണും.ഓൾഡ് ഫാഷനാ!കറൻറും ,ടീവീമൊക്കെ ഇവിടെ എത്തീട്ട് ഒരുകൊല്ലമേ ആയൊള്ളൂ.അതോണ്ട.ബ്രോക്കർ വൃത്തികെട്ട ചിരിചിരിച്ചു.

തൊമ്മിക്കുഞ്ഞ് ഞങ്ങളെ കച്ചിപ്പൊട്ടി തട്ടിതുടച്ചു പഴയകട്ടിതടിയൻ കസേരകളിൽ ഇരുത്തി.എന്നിട്ട് എൻെറ മകനെ അടിമുടി നോക്കിപറഞ്ഞു:-എൻെറ മൂത്തമോൻ എംഏക്കാരനാ. ഞങ്ങക്കേറെ സൊത്തൊണ്ട്.ഇവിടെകണ്ടോംകൃഷിമായിട്ട് കഴിഞ്ഞാമതീന്ന് പറഞ്ഞപ്പം അവനമേരിക്കേ പോണം,അതോണ്ടാ.

ഞാനൊന്ന് ഞെട്ടി ലാസറെ നോക്കി:-

താനാർക്കാ കല്ല്യണമാലോചിക്കുന്നെ,ആണിനോ,പെണ്ണിനോ?

ലാസർ എന്നെ മിഴിച്ചു നോക്കി വൃത്തികെട്ട ചിരിചിരക്കാതെ കോന്ത്രപ്പല്ലു കാട്ടി ഗൗരവത്തി പറഞ്ഞു-

സാറിൻെറ മോക്ക്,അപ്പോ പെണ്ണല്ലേ!

എൻെറ മോൻ ആണാ,അവനാരു പെണ്ണിനെയാ വേണ്ടേ!

ലാസർ ക്ഷമാപണത്തോടെ പറഞ്ഞു:-

പൊന്നു സാറേ,സറിൻെറ മോൻെറ ലിംഗം എനിക്കുതെറ്റിപ്പോയി.പെണ്ണാന്നാ കരുതീത്.പോണീടെയിലും,ഇരുകാതുകളിലെ റിംങും,ക്ലിൻഷേവും,വീകഴുത്തൊള്ള ടീഷർട്ടും ,കുണുകുണാന്നു കുലുങ്ങിയുള്ള നടത്തവും കണ്ടപ്പം ഞാനോർത്തു,പെണ്ണാന്ന്!

ങേ!പെണ്ണല്ലേ,ആണാണോ?ആശചര്യത്തോടെ തൊമ്മിക്കുഞ്ഞ് ചോദിച്ചു.തൊമ്മിക്കുഞ്ഞൊന്നടങ്ങി.ഇരുത്തംവന്ന നിലയിൽ തൊമ്മിക്കുഞ്ഞ് ആലോചന ഒന്നു മാറ്റി പറഞ്ഞു:-

അപ്പോപിന്നെ നമ്മക്ക് മറ്റേവഴി ആലോചിക്കാം!

ഇവൻെറളേത് പെണ്ണാ,ബെറ്റി,അല്പ്പം പ്രായക്കൊറവാ ഇരുപത്തിമൂന്ന്, ബിഎസി കഴിഞ്ഞ് എംഎസിക്ക് ആദ്യത്തെ കൊല്ലമാ,അവക്കങ്ങാലോചിക്കാം,അവക്കും ഫോറിൻ മോഹം ഉണ്ട്,പക്ഷ..ചില കണ്ടീഷൻ അല്ലാണ്ട് ഞങ്ങടെ ബന്ധുക്കള് സമ്മതിക്കത്തില്ല,ചെറുക്കൻ മുടിമുറിച്ച് കമ്മലൂരി,നേരാംവണ്ണം ആണിനെപ്പോലെ ഡ്രസിട്ടാ കല്ല്യാണം നടത്താം,നല്ല സ്ത്രീധനോം തരാം!

ഇതിനിടെ കാര്യത്തിൻെറ ഗൗരവം ഏറെക്കുറെ മനസ്സിലാക്കാൻ ബുദ്ധിമുട്ട ിക്കൊണ്ടിരുന്ന മകൻെറ മുമ്പിലേക്ക് മച്ചിൽ നിന്നൊരു പല്ലി താഴെവീണ് വാല് മുറിച്ചിട്ടോടി.സീം ഹത്തിൻെറ മുമ്പി അകപ്പെട്ട കാളക്കുട്ടിയേപ്പോലെ മകൻ ചാടി എണീറ്റു നിന്നു വിറച്ചു,ഉച്ചത്തിൽ ഇംഗ്ലീഷിൽ ആക്രോശിച്ചു:-

....ഫക്കോ.....ഫ്!,ഇവിടുന്നു പെണ്ണുംവേണ്ടാ,പെടക്കോഴീം വേണ്ടാ!!